**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5486** **05-07-2024 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം പ്രധാന മന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **ഈ സർക്കാർ വന്നതിനുശേഷം പ്രധാന മന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ പ്രവൃത്തികൾ അനുവദിച്ചിട്ടില്ല.** |
| (ബി) | പ്രസ്തുത പദ്ധതിയിലേയ്ക്ക് കൊല്ലം ജില്ലയിൽ നിന്നും സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) | 03.08.2022 ൽ ചേർന്ന പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയുടെ ജില്ലാതല യോഗത്തിൽ 50.84 കോടി രൂപയുടെ 19 പദ്ധതികൾക്ക് അംഗീകാരം നൽകുകയും ആയത് സംസ്ഥാന തല സമിയിയുടെ അംഗീകാരത്തിനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു . പ്രധാൻ മന്ത്രി ജനവികാസ് കാര്യക്രം പദ്ധതിക്ക് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും പ്രോജക്റ്റ് ഫീസിബിലിറ്റി നോക്കിയുമാണ് പ്രോജെക്റ്റുകളുടെ മുൻഗണന നിശ്ചയിക്കുന്നത്. പദ്ധതിയിൽ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പിന്റെ അംഗീകാരവും നിർബന്ധമാണ്. ഇതുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റ് തലത്തിൽ നടത്തിയിട്ടുള്ള സൂക്ഷ്മപരിശോധനയിൽ ജില്ലാതലത്തിൽ ലഭിച്ച പ്രപ്പോസലുകൾ വകുപ്പിന്റെ സാധ്യത പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ വകുപ്പ് മുഖേന സമർപ്പിക്കപ്പെട്ട Setting up of a model decentralized comprehensive cancer care service in Taluk Head Quarter's hospital Neendakara, kollam- Civil & Electrical works for Infrastructure, Supply, Installation and commissioning of Lenear Accelerator Mechine (30 Cr) എന്ന പ്രോജക്ട് 20.01.2023-ലെ സംസ്ഥാന തല സമിതിയിലേക്ക് പരിഗണിച്ചിട്ടുള്ളതും സമിതി അംഗീകരിച്ച് ശുപാർശയോടെ കേന്ദ്ര |

| | | | |
|---|---|---|---|
| | | | ന്യൂനപക്ഷമന്ത്രാലയത്തിന്റെ അംഗീകാരത്തിന് 15.02.2023-ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പുനലൂർ മണ്ഡലത്തിൽ നിന്നും ഏതൊക്കെ നിർദേശങ്ങളാണ് ലഭിച്ചിട്ടുള്ളതെന്നും അവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (സി) | പുനലൂർ മണ്ഡലത്തിൽ നിന്നുമുള്ള പ്രൊപ്പോസലുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പുനലൂർ മണ്ഡലത്തിൽ നിന്നുമുള്ള പ്രൊപ്പോസലുകൾ

| Sl.No | Name of the Block | Name of Projects | Proposed Amount |
|---|---|---|---|
| 1 | Anchal | Construction of Stadium in Karavaloor Grama Panchayath | 40000000 |
| 2 | Anchal | Building for Govt LPS, Edamulakkal | 32640000 |
| 3 | Anchal | Open stadium for Govt HSS, Yeroor | 40000000 |
| 4 | Anchal | Building for Anakkulam Govt WLP School | 32640000 |
| 5 | Punalur Municipality | Construction of Kakkod Smart Anganvadi in Mylakkal Ward, Ward No 20 | 5000000 |
| 6 | Punalur Municipality | Construction of School Building to Aickarakunam LPS | 10350000 |
| 7 | Punalur Municipality | Construction of School Building to GLPS Punalur | 10350000 |
| 8 | Punalur Municipality | Construction of School Building to Govt.LPS Valacode | 10350000 |
| 9 | Punalur Municipality | Solar Power plant installation at Taluk Hospital, Punalur | 8800000 |

2022-23, 2023-24 വർഷങ്ങളിൽ സംസ്ഥാന തല സമിതിയിലേക്ക് പരിഗണിച്ചിട്ടുള്ള പദ്ധതി നിർദ്ദേശങ്ങളിൽ മേല്പറഞ്ഞവ ഉൾപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ